സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 08.02.2024

നമ്പർ. C2/2145/24/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - അക്കാദമിക് (എ) സെക്ഷൻ -ബഹു.മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയുടെ വിജയകരമായ നടത്തിപ്പുമായി ബന്ധപ്പെട്ട് - നിർദേശം നൽകുന്നത് -സംബന്ധിച്ച് :-

സൂചന :- സർക്കാർ കത്ത് നമ്പർ കെ1/31/2024/ഉ.വി.വ തീയതി 03-02-2024

മേൽ സൂചന പ്രകാരം നവകേരള സദസ്സിന്റെ തുടർച്ചയായി സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വിദ്യാർത്ഥികളുമായി ബഹു.മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടി സംഘടിപ്പിക്കുന്നതായി അറിയിച്ചിരിക്കുന്നു..2024 ഫെബ്രുവരി 18 ന കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൌണ്ടിൽ വച്ച് നടക്കുന്ന പ്രസ്തുത യോഗത്തിൽ സംസ്ഥാനതലത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നു.ആയത് സംബന്ധിച്ച 2024 ഫെബ്രുവരി 8 ആം തീയതിയിൽ കോഴിക്കോട് സാങ്കേതിക വിദ്യാഭ്യാസ മേഖലാ കാര്യാലയം ജോയിൻറ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ(ജനറൽ) എന്നിവർ ഓൺ ലൈനായി പങ്കെടുത്ത യോഗത്തിലെ തീരുമാനം അനുസരിച്ച് ചുവടെ കൊടുത്തിരിക്കുന്ന നിർദേശങ്ങൾ പാലിക്കണമെന്ന് അറിയിക്കുന്നു.

1.മുഖാമുഖം പരിപാടി 18.02.2024 (ഞായറാഴ്ച )രാവിലെ 9.30 മുതൽ 1.30 വരെ കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് ഗ്രൌണ്ടിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ രാവിലെ 9.00 മണിക്ക് തന്നെ രജിസ്ട്രേഷൻ പൂർത്തീകരിച്ച് ഹാളിൽ എത്തിച്ചേരേണ്ടതാണ്
.

2.ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിൽ നിന്നും ഒരു വിദ്യാർത്ഥി പ്രതിഭ (പഠന/കലാ/കായിക/വ്യത്യസ്ത മേഖല പ്രതിഭ )ഉള്ള വിദ്യാർത്ഥിയെ പങ്കെടുപ്പിക്കണം. ഇതിൻറെ പൂർണമായ ഉത്തരവാദിത്വം അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

3.മുഖാമുഖം പരിപാടിയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ "നവകേരള സൃഷ്ടിയുമായി ബന്ധപ്പെട്ട് ഉന്നത വിദ്യാഭ്യാസത്തിന്റെ പങ്ക്" എന്ന വിഷയത്തെ നിർദേശങ്ങൾ/അഭിപ്രായങ്ങൾ ആവശ്യങ്ങൾ ഒരു പേജിൽ കവിയാതെ എഴുതി നൽകാവുന്നതാണ്. നല്ല നിർദേശങ്ങൾ സമർപ്പിക്കുന്ന 60 പേർക്ക് 1 മിനിറ്റ് വീതം മുഖ്യമന്ത്രിയുടെ മുൻപിൽ നിർദേശം അവതരിപ്പിക്കുവാൻ അവസരം നൽകുന്നതാണ്.

4.തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളിൽ വിദ്യാർത്ഥിനികൾ/ട്രാൻസ്ജെൻഡേഴ്സ്/ഭിന്നശേഷി/എസ്.സി/എസ്.ടി വിഭാഗക്കാർക്ക്/ മറ്റ് ഇതര വിഭാഗങ്ങൾ എന്നിവരുടെ പ്രാതിനിധ്യം ഉറപ്പാക്കണം. വിദ്യാർത്ഥികളെ തെരെഞ്ഞെടുക്കുന്നതിന്റെ ഭാഗമായി സ്ഥാപന തലത്തിൽ സംവാദങ്ങൾ സംഘടിപ്പിക്കണം.

5.തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥിളുടെ പേരും മറ്റ് വിശദവിവരങ്ങളും അവർ സമർപ്പിക്കുന്ന നിർദേശങ്ങൾ/അഭിപ്രായങ്ങൾ/ആവശ്യങ്ങൾ ഫെബ്രുവരി 12 ന രാവിലെ 10.00 മണിക്ക് മുമ്പായി ഇതിലേക്കായി ക്രമീകരിച്ചിട്ടുള്ള website ൽ അപ് ലോഡ് ചെയ്യേണ്ടതാണ്.website ൻറെ വിവരങ്ങൾ താമസം വിനാ നൽകുന്നതാണ്. കൂടാതെ ടി വിവരങ്ങൾ dteacademicsection@gmail.com എന്ന ഇ മെയിലിലേക്കും അയച്ചു തരേണ്ടതാണ്.

6.മുഖാമുഖം പരിപാടിയുടെ ബോർഡുകൾ ,അതാത് സ്ഥാപനത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആശംസ അർപ്പിച്ചുകൊണ്ടുള്ള ബോർഡുകൾ എന്നിവ എല്ലാ സ്ഥാപനത്തിലും വയ്ക്കാവുന്നതാണ്. ബോർഡിൽ ഉൾക്കൊള്ളിക്കേണ്ട പൊതുവായ മാറ്റർ നൽകുന്നതാണ്. മുഖാമുഖം പരുപാടിയിലേക്ക് തിരഞ്ഞെടുത്ത വിദ്യാർത്ഥികളുടെ ഫോട്ടോ വച്ച ബോർഡുകൾ സ്ഥാപനങ്ങളിൽ വയ്ക്കാവുന്നതാണ്. മുഖാമുഖം പരിപാടിയിലേക്ക് തിരഞ്ഞെടുത്ത അറിയിപ്പ് ലഭിച്ചാൽ സ്ഥാപനതലത്തിൽ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് സംഘടിപ്പിക്കേണ്ടതാണ്. കൂടാതെ, സ്ഥാപന വെബ് സൈറ്റിലും സോഷ്യൽ മീഡിയ പേജുകളിലും വിപുലമായ പ്രചാരണം നടത്തേണ്ടതാണ്.

7.തിരഞ്ഞെടുത്ത വിദ്യാർത്ഥികളെ കോഴിക്കോട് എത്തിക്കുക, ആവശ്യമെങ്കിൽ ഭക്ഷണം, താമസം എന്നിവ ഒരുക്കുക എന്നിവയ്ക്ക് ബന്ധപ്പെട്ട സ്ഥാപനം ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതാണ്. ഇതിലേക്ക് വേണ്ടി വരുന്ന തുക അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവരുടെ കൈവശം ഉള്ള ധനസ്രോതസ്സിൽ നിന്നും കണ്ടെത്തേണ്ടതാണ്.ആവശ്യമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതാണ്. പങ്കെടുക്കുന്നവർ പൂർണ്ണ സമയം പരിപാടി നടക്കുന്ന ഹാളിലുണ്ടാകണമെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8.വിദ്യാർത്ഥികളെ പങ്കെടുക്കുന്നതിന്റെ ഉത്തരവാദിത്വങ്ങൾ കോ- ഓർഡിനേറ്റ് ചെയ്യുന്നതിന് ശ്രീ. സുൽഫിക്കർ. എ ,ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് , തിരുവനന്തപുരത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടാവുന്നതാണ് .മൊബൈൽ നം. 9446510956.

Draft #1 of File C2/2145/24/DTE Approved by Director (in-charge) on 08-Feb-2024 06:14 PM - Page 1

9.ബഹു. മുഖ്യമന്ത്രിയുടെ മുഖാമുഖം പരിപാടിയിൽ തെരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾ പങ്കെടുക്കുന്നു എന്ന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്

.

10.. ടി സർക്കുലറിനോടൊപ്പം ഒരു ഗൂഗിൾ ഫോറം വിതരണം ചെയ്യുന്നുണ്ട് . അതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ ചേർത്ത് 9 ആം തീയതി ഉച്ചക്ക് 02.00 മണിയ്ക്ക് മുൻപാകെ ഗൂഗിൾ ഫോറം സബ്മിറ്റ് ചെയ്യേണ്ടതാണ്. 12 ആം തീയതി രാവിലെ 10.00 മണിക്ക് തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ വിവരങ്ങൾ സ്ഥാപന മേധാവികളുടെ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നതാണ്.

11. ടി യോഗത്തിൻറെ നടപടിക്കുറിപ്പിൽ പറഞ്ഞിരിക്കുന്ന എല്ലാ നിർദേശങ്ങളും അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതാണ്.

ഡോ. രാജശ്രീ എം.എസ്

ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

1)എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാർക്കും

2) സ്റ്റോക്ക് ഫയൽ

3) ഓഫീസ് കോപ്പി.

## Approval Valid

Digitally Approved By

ഡോ. രാജശ്രീ എം.എസ്

Date: 08.02.2024

Reason: Approved

Draft #1 of File C2/2145/24/DTE Approved by Director (in-charge) on 08-Feb-2024 06:14 PM - Page 2

The document is digitally approved. Hence signature is not needed.